പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4561 22.07.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി., കെ.യു.ആർ.ടി.സി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സാജു പോൾ : | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി., കെ.യു. ആർ.ടി.സി. എന്നിവയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | സംസ്ഥാനത്ത് കെ.യു.ആർ.ടി.സി മുഖാന്തരം സർവ്വീസ് നടത്തുന്ന എത്ര ബസ്സുകളുണ്ട് ; എത്ര ഡ്രൈവർ, കണ്ടക്ടർ തസ്തികകൾ ഉണ്ട് ; പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന രീതി വിശദമാക്കാമോ : | (ബി) | സംസ്ഥാനത്ത് 439 ബസ്സുകൾ (320 എണ്ണം ഒന്നാംഘട്ടം ജൻറം പദ്ധതി പ്രകാരം ലഭിച്ചതും 119 എണ്ണം രണ്ടാം ഘട്ട പ്രകാരം ലഭിച്ചതും) കെ.യു.ആർ.ടി.സി മുഖേന സർവ്വീസ് നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി ജീവനക്കാരെ ഉപയോഗിച്ചുകൊണ്ടാണ് സർവ്വീസ് നടത്തുന്നത്. കെ.യു.ആർ.ടി.സി.യിൽ പ്രത്യേകം നിയമനം നടത്തുന്നില്ല. |
| (സി) | അനുവദിച്ച ബസ്സുകളിൽ എത്ര എണ്ണം ഇനി നിരത്തിലിറങ്ങാനുണ്ട് ; പുതിയതായി എത്ര ബസ്സുകൾ അനുവദിച്ചിട്ടുണ്ട് ; | (സി) | കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ ജൻറം രണ്ടാംഘട്ട പദ്ധതി പ്രകാരം സംസ്ഥാനത്തെ 5 ക്ലസ്റ്ററുകൾക്കായി 400 ബസ്സുകൾ (110 എ.സി, 290 നോൺ എ.സി) അനുവദിച്ചിട്ടുണ്ട്. ഇതിൽ 76 എ.സി ബസുകളും 43 നോൺ എ.സി ബസുകളും നിരത്തിൽ ഇറക്കിയിട്ടുണ്ട്. എ.സി. ലോ ഫ്ളോർ ബസുകളിൽ ലഭിച്ച 29 എണ്ണം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി കിടക്കുന്നു. 5 ബസുകൾ വോൾവോ കമ്പനി നല്കാനുണ്ട്. നോൺ എ.സി സെമി ലോ ഫ്ളോർ ബസുകളിൽ ലഭിച്ച 31 എണ്ണം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി കിടക്കുന്നു. 216 ബസുകൾ കമ്പനികൾ നല്കുവാനുണ്ട്. |

| | |
|---|---|
| (ഡി) 2017 മാർച്ച് അവസാനം വരെ കെ.എസ്.ആർ.ടി.സി. യിൽ ഉണ്ടാകാനുള്ള ഡ്രൈവർ, കണ്ടക്ടർ തസ്തികകളുടെ നിലവിലെ പ്രതീക്ഷിത ഒഴിവുകൾ എത്രയെന്ന് അറിയിക്കുമോ ? | (ഡി) 2017 മാർച്ച് വരെ കെ.എസ്.ആർ.റ്റി.സി.യിൽ ഉണ്ടാകാവുന്ന ഡ്രൈവർമാരുടെ പ്രതീക്ഷിത ഒഴിവ് 761-ഉം, കണ്ടക്ടർമാരുടെ പ്രതീക്ഷിത ഒഴിവ് 141-ഉം ആണ്. |

സെക്ഷൻ ഓഫീസർ